प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA
वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

ഫെബ്രുവരി 13, 2019

## നാലു ബാങ്കുകളിന്മേൽ റിസവർവ് ബാങ്ക് ഓഫ് ഇന്ത്യ പണപ്പിഴചുമത്തി

2019-ജനുവരി 31-ലെ ഉത്തരവിൻപ്രകാരം റിസർവ്ബാങ്ക് ഓഫ് ഇന്ത്യ താഴെകാണിച്ചിരിക്കുന്ന നാലു ബാങ്കുകളിന്മേൽ പണപ്പിഴചുമത്തി. വായ്പകളുടെ യുക്തമായ ഉപയോഗം നിരീക്ഷിക്കുക, മറ്റു ബാങ്കുകളുമായി വിവരങ്ങൾ പങ്കുവയ്ക്കുക, ബാങ്ക് തട്ടിപ്പുകൾ വർഗ്ഗീകരിക്കുക, അവ റിപ്പോർട്ടു ചെയ്യുക, അക്കൗണ്ടുകൾ പുനഃസംഘടിപ്പിക്കുക എന്നിവയ്ക്കുള്ള ആർബിഐ നിർദ്ദേശങ്ങൾ പാലിക്കാതിരുന്നതിനാണ് ഈ പിഴ ചുമത്തിയത്.

| ക്രമ നം. | ബാങ്കിൻറെ പേര് | പിഴത്തുക (രൂപ ദശലക്ഷത്തിൽ) |
|---|---|---|
| 1 | ബാങ്ക് ഓഫ് ബറോഡ | 10 |
| 2 | കോർപ്പറേഷൻ ബാങ്ക് | 20 |
| 3 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 10 |
| 4 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ | 10 |

1949-ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് സെക്ഷൻ 47A (1) (c) ഒപ്പം സെക്ഷൻ 46 (4) (i) എന്നീ വ്യവസ്ഥകൾ പ്രകാരം ആർബിഐ യിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം പ്രയോഗിച്ച്, ആർബിഐ പുറപ്പെടുവിച്ചിട്ടുള്ള മുകളിൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ, മേൽകാണിച്ച ബാങ്കുകൾ പരാജയപ്പെട്ടതിനാണ്, ഈ പിഴകൾ ചുമത്തിയിട്ടുള്ളത്.

നിയന്ത്രണകാര്യങ്ങളിലുള്ള പോരായ്മകളെ അടിസ്ഥാനമാക്കിയാണ് ഈ നടപടി. അല്ലാതെ, ഈ ബാങ്കുകൾ അവയുടെ ഇടപാടുകാരുമായി നടത്തിയിട്ടുള്ള ഏതെങ്കിലും ഇടപാടിൻറെയോ, ഏർപ്പെട്ടിട്ടുള്ള ഉടമ്പടികളുടെയോ മേലുള്ള ഒരു വിധി പ്രസ്താവനയായി കരുതേണ്ടതില്ല.

അജിത് പ്രസാദ്
അസിസ്റ്റൻറ് അഡ്വൈസർ

പ്രസ്സ് റിലീസ് 2018-2019/1930